# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

നം.കെ.എസ്.എ.കെ.കെ.ഡി. പി.7/1940/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.21.10.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ജനറൽ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി.7/1940/2017 തിയ്യതി:21.10.2017

# കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 31-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.ഉണ്ണികൃഷ്ണൻ | |
| | ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-06-17. മുതൽ 06-06-17. വരെയും<br>27-09-17 മുതൽ 29-09-17 വരെയും | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എ.കെ.ബലസുബ്രമണ്യൻ., | ഓഡിറ്റ് ഓഫീസർ . |
| | ശ്രീമതി.എ.കെ.ഷൈന.<br>ശ്രീ. പി .ഉണ്ണികൃഷ്ണൻ | അസിഓഡിറ്റ് .ഓഫീസർ |
| | ശ്രീമതി. ദിശ.ആർ.കെ | സീനി.ഗ്രേഡ്.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സി.ടി.വനജ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.സുധാകരൻ.ടി | 01.04.2016 മുതൽ 14.11.2016 വരെ |

| | | |
|---|---|---|
| | ശ്രീ.ഹരിദാസൻ നായർ | 15-11-16 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.സാന്റോഷ് കുമാർ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ഒ.പി.രാധാകൃഷ്ണൻ<br>ശ്രീ.എ.വേണു<br>ശ്രീ.ഒ.പി.രാധാകൃഷ്ണൻ | പട്ടിക ജാതി വികസന ഓഫീസർ | 01.04.2016 മുതൽ 30.06.2016 വരെ<br>01.07.2016 മുതൽ 31.08.2016 വരെ<br>01.09.2016 മുതൽ 31.03.2017 വരെ |
| ശ്രീ.കേശവനുണ്ണി. | മെഡിക്കൽ ഓഫീസർ താമരശ്ശേരി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ഹൈഫ മൊയ്തീൻ | മെഡിക്കൽ ഓഫീസർ കോടഞ്ചേരി | 01.04.2016 മുതൽ 31.03.2017വരെ |
| ശ്രീ.സാമുവൽ റോബർട്ട് ഗഫത്<br>ശ്രീ. നസ്രുൽ ഇസ്ലാം.കെ.സി | മെഡിക്കൽ ഓഫീസർ കൊടുവള്ളി | 01.04.2016 മുതൽ 13.07.2016 വരെ<br>14.07.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.മിനി ജോസ്<br>ശ്രീമതി.മേഴ്സി.കെ.ജെ<br>ശ്രീമതി.ആശ.എസ്.കുമാർ | എ.ഡി.എ | 01.04.2016 മുതൽ 27.08.2016 വരെ<br>28.08.2016 മുതൽ 15.03.2017 വരെ<br>16.03.2017 മുതൽ 31.03.2017 വരെ |
| ശ്രീ.ശരത്.പി.ഡി. | ഐ.ഇ.ഒ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ഷമീർ.എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01.04.2016മുതൽ 31.03.2017 വരെ |
| ശ്രീമതി.സുബൈദ.എ.പി. | സി.ഡി.പി.ഒ കൊടുവള്ളി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.സുഷ.പി.ടി | സി.ഡി.പി.ഒ ഓമശ്ശേരി (അഡീഷണൽ) | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ശ്രീ.സനിൽ കുമാർ.പി<br>ശ്രീ.രമേശൻ.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2016 മുതൽ 08.08.2016വരെ<br>09.08.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| | ഭാഗം 2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 9 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-1 |
| 10 | വാടക ഈടാക്കുന്നതിൽ വീഴ്ച | 2-2 |
| 11 | ഹാഡ്കോ,ഐ.എ.വൈ ലോൺ എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 2-3 |
| 12 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നു. | 2-4 |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | കരാർ വെയ്ക്കുന്നതിൽ കാലതാമസം – പിഴ ഈടാക്കിയില്ല. | 3-1 |

| | | |
|---|---|---|
| 14 | കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങളിലെ ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിനും ദൈനംദിന ചെലവുകൾക്കും പദ്ധതി നടപ്പിലാക്കി | 3-2 |
| 15 | തോടിന് പാർശ്വഭിത്തി കെട്ടി മണ്ണ് നിറച്ചതിന് മുകളിൽ ആവശ്യകത നിർണ്ണയിക്കാതെ പരിധിയിൽ കവിഞ്ഞ കനത്തിലും അധിക നിരക്കിലും കോൺക്രീറ്റ് ചെയ്തു. | 3-3 |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |
| 17 | ഭവനനിർമ്മാണ പദ്ധതികൾ നടത്തിപ്പിലെ അപാകതകൾ | 3-5 |
| 18 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല. | 3-6 |
| 19 | ഭവന വായ്പയ്ക്ക് പലിശ അടയ്ക്കൽ പദ്ധതി സർക്കാർ അനുമതി ലഭ്യമാക്കിയില്ല | 3-7 |
| 20 | സാധനങ്ങൾ സമാഹരിക്കൽ – മാർഗ്ഗരേഖ പാലിച്ചില്ല. | 3-8 |
| 21 | രജിസ്റ്റർ ചെയ്ത് കിട്ടാത്ത ഭൂമിയിൽ കിണർ നിർമ്മിച്ചു. | 3-9 |
| 22 | ഭരണസമിതി തീരുമാന പ്രകാരം നടപടി എടുത്തതിന് രേഖകളില്ല. | 3-10 |
| 23 | മേഖലാ ചുമതലകളിൽപ്പെടാത്ത ഇനങ്ങളിൽ ചെലവ് നിയമവും സർക്കാർ ഉത്തരവും മറി കടന്ന് പദ്ധതികൾ നടപ്പാക്കി. | 3-11 |
| 24 | ചുമതലയിൽ ഇല്ലാത്ത സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പദ്ധതി നടപ്പാക്കി. | 3-12 |
| 25 | പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത് | 3-13 |
| ഭാഗം – 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17ലെ ബജറ്റ് ഭരണ സമിതിയുടെ 29-03-2017 ലെ 75(3)/16-17 പ്രകാരം പാസ്സാക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള കണക്കും യഥാർഥ കണക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുൻബാക്കി | 55395429 | 55395429 | 0 |
| വരവ് | 334630571 | 143911616 | 190718955 |
| ആകെ | 390026000 | 199307045 | 190718955 |
| ചെലവ് | 357516500 | 163865525 | 193650975 |
| നീക്കിയിരിപ്പ് | 32509500 | 35441520 | (-)2932020 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 01-07-2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 55395429 |
| വരവ് | 143911616 |
| ആകെ | 199307045 |
| ചെലവ് | 163865525 |
| നീക്കിയിരിപ്പ് | 35441520 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 136 | 88 | 0 | 48 | 65% |

ബി .ഫണ്ട് വിനിയോഗം(എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 5,59,45763 | 5,59,45763 | 4,62,01621 | 97,44142 | 82.58 |
| വികസനഫണ്ട് എസ്.സി.പി. | | 1,85,84262 | 1,85,84262 | 1,71,99864 | 13,84398 | 92.55 |
| വികസനഫണ്ട് ടി.എസ്.പി. | | 21,03,291 | 21,03,291 | 9,41,618 | 11,61,673 | 44.76 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 84,15,270 | 84,15,270 | 66,92,657 | 17,22,613 | 79.52 |

## 1-6 തനതു വരുമാനം

ഓഡിറ്റ് വർഷത്തിലെ തനതു വരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 60650 | 41850 | 18800 | |

## 1-7 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.12.2016 മുതൽ 09.12.2016 വരെ | 01.01.2016 മുതൽ 30.06.2016 വരെ | 77/A2/DPAW/KKD, 28.02.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2015 മുതൽ 28.02.2015 വരെ | 2009-10 മുതൽ 2013-14 വരെ | L.B.A. (HQ)VI/8A-2284/175 25.05.2015 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹ 6428 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) എസ്. ബി. ഐ. ലെ ഐ. എ. വൈ അക്കൗണ്ടിൽ മുന്നിരിപ്പ് ധനകാര്യപത്രികയിൽ 2,88,47,905 രൂപയാണെങ്കിൽ ക്യാഷ് ബുക്കിൽ ഇത് 2,88,12,905 രൂപയാണ്. 35000 രൂപയുടെ വ്യത്യാസം ഉണ്ട്.

2) സർക്കാർ നിർത്തലാക്കാൻ പറഞ്ഞ എസ്. ജി. ആർ. വൈ അക്കൗണ്ടിൽ മുന്നിരിപ്പായി 3,82,689 രൂപയും, നീക്കിയിരിപ്പായി 4,02,160 രൂപയും ഉണ്ട്.

3) ടി. എസ്. സി അക്കൗണ്ടിൽ സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം 38,85,861 രൂപ വരവായി വന്നിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ഇത് 38,88,087 രൂപയാണ് ചേർത്തത്. വ്യത്യാസം 2226 രൂപ.

4) സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം ലഭിച്ച താഴെ പറയുന്ന തുകയും വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം ലഭിച്ചതുക | വാർഷിക ധനകാര്യപത്രിക യിൽ ചേർത്ത തുക |
|---|---|---|
| ഐ എ വൈ ജനറൽ | 53,60,000 | 32,44,508 |
| ഐ എ വൈ എസ് സി | 45,25,000 | 36,75,410 |
| ഐ എ വൈ എസ് ടി | 5,50,000 | 1,27,345 |
| സാക്ഷരതാ ഗ്രാന്റ് | 1,38,000 | 1,40,766 |
| കേരളോത്സവം ഗ്രാന്റ് | 30,000 | 60,000 |

5) വാർഷിക ധനകാര്യപത്രികയിൽ Code- 320700208 ൽ 1,30,000 രൂപയും, Code- 320700209 ൽ- 21,27,060 രൂപയും, Code- 320700210 ൽ- 57,35,610 രൂപയും വരവായി കാണിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച വരവ് വന്ന രേഖ ലഭ്യമാക്കിയില്ല.

6) ഇ. എം. എസ് ലോൺ രജിസ്റ്റർ പ്രകാരം തിരിച്ച് അടവാക്കാനുള്ള തുക 10,47,778 രൂപയാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം ഇത് 15,47,778 രൂപയാണ്. ഐ.എ.വൈ. ഭവന പദ്ധതിയ്ക്കായി എടുത്ത ലോണിൽ അടവാക്കാൻ അവശേഷിക്കുന്ന 29,74,734 രൂപയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

8) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 <u>വാടക ഈടാക്കുന്നതിൽ വീഴ്ച</u>

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ പെട്ടിക്കട, മിൽമബൂത്ത് എന്നിവ കച്ചവടം നടത്തുന്നതിനായി ലേലത്തിൽ നൽകിയിട്ടുണ്ട്. വാടകയിനത്തിൽ തൻവർഷം കിട്ടേണ്ടിയിരുന്ന തുക മുഴുവൻ പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ

| ലൈസൻസിയുടെ പേര് | കിട്ടേണ്ട തുക | പിരിച്ചെടുത്ത തുക | കുറവ് |
|---|---|---|---|
| മിൽമ ബൂത്ത്,<br>ശ്രീമതി.സരോജിനി ചന്ദ്രൻ | 23400 (1950X12) | 7800 | 15600 |
| പെട്ടിക്കട,<br>ശ്രീമതി .ഗീത | 18000(1500X12) | 16500 | 1500 |
| ആകെ കുറവ് | | | 17100 |

ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുമില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ കുടിശ്ശികയായ തുക വാടകക്കാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഹാഡ, ഐ എ വൈ ലോൺ എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ബി ഡി ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹാഡ പദ്ധതിയിൽ 2016-17 വർഷത്തിൽ 55,21,784 രൂപ വരവായി വരികയും ഇതിന്റെ മുന്നിരിപ്പ് 1,80,215 രൂപയും നീക്കിയിരിപ്പായി 33,32,189 രൂപയുമുണ്ടെങ്കിലും ഈ അക്കൗണ്ട് സംബന്ധിച്ച ഒരു വിവരവും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഐ എ വൈ ആവശ്യാർത്ഥം 2012-13 വർഷത്തിൽ 87,09,626 രൂപ വായ്പയായി കാരശ്ശേരി സഹകരണ ബാങ്കിന്റെ താമരശ്ശേരി ശാഖയിൽ നിന്നും എടുത്തിട്ടുണ്ട്. ഇതിന്റെ പലിശയിനത്തിൽ ഇതുവരെയായി 9,00,000 രൂപ ബാങ്കിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഈ അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-4 സർക്കാർ ഉത്തരവിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ ജനറൽ അക്കൗണ്ട് എന്ന പേരിൽ എസ് ബി ഐ കൊടുവള്ളി ശാഖയിൽ 10610098011 നമ്പറായി ഒരു ബാങ്ക് അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നു. ജി ഒ ( പി )177/2006 ഫിൻ 12.04.2006 ഖണ്ഡിക 11.3 പ്രകാരം ഓരോ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ട് തുടങ്ങുകയും, മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയും വേണം. എന്നാൽ നിർദ്ദേശത്തിനു വിരുദ്ധമായി ഈ അക്കൗണ്ടിൽ 2009 മുതൽ എസ് ടി കോർപ്പസ് ഫണ്ട്, ടി എസ് സി വിഹിതം, ഐ എ വൈ വിഹിതം, ചെലവഴിക്കാത്ത പ്ലാൻഫണ്ട് തിരിച്ചുവന്നത്, കേരളോത്സവ വിഹിതം, നിർമ്മൽ പുരസ്കാരം, സംയുക്ത പ്രൊജക്ടുകൾക്കായി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതം എന്നിവയും നിക്ഷേപിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ ഉത്തരവ് ഖണ്ഡിക 8.3 പ്രകാരം 1000 രൂപയിൽ കൂടുതലുള്ള ചെലവുകൾക്ക് ബാങ്കിംഗ് ട്രഷറിയിൽ നിന്നും ലഭിക്കുന്ന ബിൽതുക ലഭിക്കുന്ന ദിവസം തന്നെ ദേശസാൽകൃത ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ച് ഉടൻതന്നെ ഡി ഡി വാങ്ങി ബന്ധപ്പെട്ടവർക്ക് നൽകണമെന്നും, ഡി ഡി വാങ്ങാനുള്ള തുകയല്ലാതെ മറ്റ് തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 7.4.2012 ന് പദ്ധതികൾക്കായുള്ള തുക 10,98,086 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതിനുശേഷം ഈ അക്കൗണ്ടിൽ നിക്ഷേപിച്ചു. ഈ തുക 16.04.2012, 17.04.2012 എന്നീ ദിനങ്ങളിൽ ചെക്ക് വഴി പിൻവലിച്ചു. കൂടാതെ, റയിൽവേ റിസർവേഷൻ കൗണ്ടർ കമ്മീഷൻ ഇനത്തിൽ ലഭിക്കുന്ന തുകയും ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

2013-14 വർഷത്തിൽ ഈ അക്കൗണ്ട് നിർത്തുന്നത് സംബന്ധിച്ച് ഓഡിറ്റ് നിർദ്ദേശം നൽകിയിരുന്നെങ്കിലും ഇപ്പോഴും ഈ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇതിൽ മുന്നിരിപ്പായി 17,47,674 രൂപയും, നീക്കിയിരുപ്പായി 31.3.2017 ൽ 19,86,231 രൂപയും ഉണ്ട്. ഇത്തരത്തിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി ബാങ്ക് അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നതിനു വിശദീകരണം നൽകേണ്ടതും അക്കൗണ്ടിൽ ഉള്ള തുക അതത് ഹെഡ്ഡിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാർ വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

അസി.എക്സി എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്ക് കരാറുകാരനെ തെരഞ്ഞെടുത്ത് അയക്കുന്ന കത്തിൽ 14 ദിവസത്തിനകം കരാർ വച്ച് പ്രവൃത്തി ആരംഭിക്കണമെന്നും നിശ്ചിത തിയ്യതിക്കുള്ളിൽ കരാർ വയ്ക്കാത്ത പക്ഷം 1% പിഴ അടവാക്കി മാത്രമേ കരാർ വയ്ക്കാൻ സാധിക്കൂ എന്നും പറയുന്നുണ്ട്. എന്നാൽ സമയ പരിധി കഴിഞ്ഞും ഫൈൻ ഈടാക്കാതെയും സർക്കാർ ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

ജിഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസി1% ഫൈൻ തുക |
|---|---|---|---|---|
| 1. | ചാടിക്കുഴിത്താഴം റോഡ് 12/17 അടങ്കൽ 449580<br>ചെലവ് 449578 ബിൽ 10/16-17 3.1.17 | AEE/D1 /7/15-16 22.12.15 | 40/15-16 29.1.16<br>സാദിക്ക് അലി. വി | 449531 x 1% =4495 |
| 2. | കോടഞ്ചേരി സിഎച്ച്സി ചുറ്റുമതിൽ 19/17<br>അടങ്കൽ 1082790<br>ചെലവ് 1082401/- 18/16-17 /18.3.17 | AEE/D1 /11/15-16 22.11.15 | 18/15-16 4.1.16<br>കെ.കെ.ശശികുമാർ<br>16.70%TB | 1082757 x 1%<br>10828 |
| 3. | ചോലക്കൽ പാച്ചാക്കിൽ തോട് 79/17 അടങ്കൽ 466800<br>ചെലവ് 465924 | AEE/D1 /19/16-17 9.12.16 | 20/16-17 31.12.16<br>നൗഷാദ് അലി.പി | 466766 x 1%<br>4668 |
| | | | | 21971 |

പിഴ ഈടാക്കാത്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങളിലെ ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിനും ദൈനംദിന ചെലവുകൾക്കും പദ്ധതി നടപ്പിലാക്കി

പഞ്ചായത്ത് രാജ്/ മുൻസിപ്പാലിറ്റി നിയമ പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടാത്തതും, സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് സ.ഉ.(എം.എസ്) 4/2016/ത.സ്വ.ഭ.വ/11-01-2016 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ (ഖ.4-8 ) നിഷ്കർഷിക്കുന്നു.

എന്നാൽ താഴെ പറയുന്ന പദ്ധതികൾ കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്കുവേണ്ടിയാണ് നടപ്പിലാക്കിയത്.

| പ്രൊജക്ട് | ചെലവ് തുക | ബിൽനമ്പർ,തിയ്യതി | റിമാർക്ക്സ് |
|---|---|---|---|
| എസ്.ഒ.67/17 ഐ.സി.ഡി എസ് ഓഫീസിലെ ദൈനം ദിന ചെലവുകൾ | 85000 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 1/2016-17/ 16-01-2017 (47000) 3/16-17/ 29-03-17 (38000) | വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, സ്റ്റേഷനറി, കമ്പ്യൂട്ടർ, പ്രിന്റർ എന്നീ ആവശ്യങ്ങൾക്കാണ് സി.ഡി.പി.ഒ പദ്ധതി നടപ്പിലാക്കിയത് |
| എസ്.ഒ.81/17 ക്ഷീരവികസന ഓഫീസ് സൗകര്യം വർദ്ധിപ്പിക്കലും ദൈനം ദിന ചെലവുകളും | 123612 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 3/2016-17/ 31-03-17 | കമ്പ്യൂട്ടർ, പ്രിന്റർ , യു.പി.എസ്.മേശ, കസേര എന്നീ ആവശ്യങ്ങൾക്കാണ് ക്ഷീര വികസന ഓഫീസർ പദ്ധതി നടപ്പിലാക്കിയത് |
| ആകെ | 208612 | | |

29-03-1999ലെ ജി.ഒ.(പി)69/99/LAD നമ്പർ ഉത്തരവിൽ സി.ഡി.പി.ഒ., ക്ഷീര വികസന ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ സേവനം മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിനായി മാറ്റുന്നത് എന്ന് വ്യക്തമാക്കുന്നുണ്ട്. സർക്കാർ കൈമാറി നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് സംരക്ഷണഗ്രാന്റ് (റോഡിതരം) വിനിയോഗിച്ചതിന് ആധികാരികതയില്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവ്യത്തികൾക്കായി സർക്കാർ അനുവദിച്ച സംരക്ഷണഗ്രാന്റ് (റോഡിതരം) സ്ഥാപനത്തിന്റെ മേൽ കാണിച്ച ചെലവുകൾക്കായി വിനിയോഗിച്ചു.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വികസനേതര ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (8/16-17/06-06-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 208612 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. അർഹമായ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

## 3-3 തോടിന് പാർശ്വഭിത്തി കെട്ടി മണ്ണ് നിറച്ചതിന് മുകളിൽ ആവശ്യകത നിർണ്ണയിക്കാതെ പരിധിയിൽ കവിഞ്ഞ കനത്തിലും അധിക നിരക്കിലും കോൺക്രീറ്റ് ചെയ്തു.

പ്രോജക്ട് - കവിയാട്ട് താഴം തോട് സൈഡ് കെട്ടൽ 33/17

അടങ്കൽ - 466410/- വികസന ഫണ്ട്

നിർവ്വഹണം - അസി.എക്സി.എഞ്ചിനീയർ

കരാറുകാരൻ – സാദിക്കലി.പി (6.534% ടെണ്ടർ കുറവിൽ)

എഗ്രിമെന്റ് - 44/15-16 10.2.2016

ചെലവ് - 466405/- ബിൽ നം. 9/16-17 3.1.2017

എം ബുക്ക് - 86/14-15

കവിയാട്ട് താഴം തോട് സൈഡ് കെട്ടാനം(DR) കെട്ടിനു മുകളിൽ 1:3:6 മിശ്രിതത്തിൽ ബെൽറ്റ് നൽകാനും കെട്ടിനു പിന്നിൽ മണ്ണ് നിറച്ച് അതിനു മുകളിൽ 1:4:8, 1:2:3 എന്നീ മിശ്രിതത്തിൽ യഥാക്രമം 48mm, 20mm മെറ്റലുപയോഗിച്ച് കോൺക്രീറ്റ് ചെയ്യാനുമാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ആയതിനായി 60.60 മീറ്റർ നീളത്തിൽ സൈഡ് കെട്ടി ബെൽറ്റ് നല്കി. മണ്ണ് 114 മീറ്ററോളം നീളത്തിൽ നിറച്ചിട്ടുണ്ട്. ഇരട്ടിയോളം നീളത്തിൽ മണ്ണ് നിറച്ചതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. കൂടാതെ 70 cm മുതൽ 3 മീറ്റർ വരെ വീതിയിൽ 128 മീറ്ററോളം നീളത്തിൽ 10 cm വീതം കനത്തിൽ മേൽപറഞ്ഞ മിശ്രിതങ്ങൾ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. തോടിന് സംരക്ഷണം കൊടുക്കാൻ വേണ്ടി പാർശ്വഭിത്തി നിർമ്മിക്കുന്ന പ്രോജക്ടിൽ ഇരട്ടിയിലേറെ ദൂരം കരഭാഗം കോൺക്രീറ്റ് ചെയ്തതിന്റെ ആവശ്യകതയും പ്രോജക്ടിലോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ വ്യക്തമാക്കിയിട്ടില്ല. തോടിനു സൈഡിലൂടെ നടപ്പാതയാണുദ്ദേശിച്ചതെങ്കിൽ വാഹനങ്ങൾ കടന്നുപോകത്തക്ക വീതിയില്ലാത്തയിടത്ത് പരിധിയിൽ കവിഞ്ഞ് 20 cm കനത്തിൽ കോൺക്രീറ്റ് ചെയ്തത് വിശദീകരിക്കപ്പെട്ടിട്ടില്ല.

1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് കരാറുകാരൻ ഏറ്റെടുത്ത് നടത്തിയതിന് ഒരു ഘനമീറ്ററിന് കോഴിക്കോട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 1.381 പ്രകാരം 7953.46 രൂപയാണ് നല്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം , ഡി.എസ്.ആറിലെ തന്നെ ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച വർദ്ധിച്ച നിരക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിച്ചിരുന്നുവെങ്കിൽ 5466.30 ആണ് ഡിഎസ്ആർ നിരക്ക്. ഒരു ക്യൂബിക് മീറ്റർ കോൺക്രീറ്റ് ചെയ്യുവാൻ 7548.96 രൂപയാണ് (5466.3x1.381=7548.96) ആണ് അനുവദിക്കേണ്ടത്. . ഇതിന് പകരം വർദ്ധിച്ച നിരക്ക് അനുവദിച്ചു. എൽഎസ്ജിഡി ചീഫ് എഞ്ചിനീയറുടെ 28.09.2015.ലെ ഡിബി4-9099/2015/സി.ഇ/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം നിർമ്മാണ ചെലവും റോഡിന്റെ പ്രാധാന്യവും വാഹനങ്ങളുടെ ബാഹുല്യവും പരിഗണിച്ചാവണം കോൺക്രീറ്റ് പ്രവൃത്തി ചെയ്യേണ്ടതെന്നും സബ് ഗ്രേഡിന് ആവശ്യമായ ഉറപ്പ് വരുത്തിയതിന് ശേഷമേ പ്രവൃത്തി ചെയ്യാവൂ എന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് വ്യവസ്ഥകൾ പാലിച്ച് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5 മുതൽ 7.5 cm കനത്തിലുമാണ് ചെയ്യേണ്ടതെന്ന് ചീഫ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ ആയതിൽ കൂടുതൽ കനത്തിൽ ചെയ്യുന്നതിന് സ്ട്രക്ചറൽ ഡിസൈൻ ഫയലിനോടൊപ്പം വയ്ക്കേണ്ടതാണ്. പലയിടങ്ങളിലും വീതി വളരെ കുറഞ്ഞ മേൽ കോണ്ക്രീറ്റിൽ നടപ്പാതയാണെങ്കിൽ 1:2:4 മിശ്രിതം 5 cm കനത്തിൽ മാത്രം ഉപയോഗിച്ചാൽ മതിയെന്നിരിക്കേ 10cm കനം നൽകിയതിനാൽ അധിക ചെലവു വന്നിട്ടുണ്ട്. 5 cm കണക്കാക്കിയാൽ 84104.08/-രൂപ മാത്രമേ ചെലവു വരുമായിരുന്നുള്ളൂ. ((11.92m3 x7548.96)- 5879.52(6.534%TB) =89983.60-5879.52=84104.08) ആയതിനു പകരം ((23.956x7953.46) = 190533.09-12449.43(6.534%TB)= 178083.66 രൂപ നൽകി. 93980/- രൂപ അധിക ചെലവു വന്നു. അധികം നല്കിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ നിർമ്മാണ പ്രവർത്തികൾക്കായി കേരള വാട്ടർ അതോറിറ്റി (KWA), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (KSEB) എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് തുക | ഡി.ഡി. നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.ഒ.118/2016-17മടവൂർ മുക്ക് വട ക്കേകുന്നത്ത് പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തി | 500000 (വികസന ഫണ്ട്) | 030128/24-12-2016 | ഡെപ്പോസിറ്റ് വർക്കിന് ജല അതോറിറ്റിയ്ക്ക് കൈമാറി. |
| എസ്.ഒ.141/ 16-17കൊട്ടക്കവയൽനായിക്കണ്ടത്തിൽ പുലിലോനച്ചാലിൽ കുടിവെള്ള പദ്ധതി | 500000 (വികസന ഫണ്ട്) | 0390155-06-03-2017 | ഡെപ്പോസിറ്റ് വർക്കിന് ജല അതോറിറ്റിയ്ക്ക് കൈമാറി. |
| എസ്.ഒ.142/2016-17 വടക്കേത്തോ ടികയിൽ തെക്കേക്കണ്ടി ആര്യച്ചാൽ പൈപ്പ് ലൈൻ നീട്ടൽ | 500000 (വികസന ഫണ്ട്) | 0390156/06-03-2017 | ഡെപ്പോസിറ്റ് വർക്കിന് ജല അതോറിറ്റിയ്ക്ക് കൈമാറി. |
| എസ്.ഒ.125/2016-17 താമരശ്ശേരി താലൂക്ക് ആശുപത്രി വയറിങ്ങ് | 3500 (വികസന ഫണ്ട്) 365000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | | ഡെപ്പോസിറ്റ് വർക്കിന് KSEB യ്ക്ക് കൈമാറി. |
| ആകെ | 1868500 | | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) <u>മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല</u>

സ.ഉ.(എം.എസ്) 4/2016/ത.സ്വ.ഭ.വ/11-01-2016 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ (ഖ.6-15 X ) പ്രകാരംനിർമ്മാണ പ്രവൃത്തിയ്ക്കായി ജല അതോറിറ്റിയ്ക്ക് മുൻകൂർ നൽകുമ്പോൾ പ്രസ്തുത പ്രവൃത്തിയ്ക്കുള്ള എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കി സാങ്കേതികാനുമതി നല്കണം അത് പ്രകാരമാണ് തദ്ദേശ സ്ഥാപനം പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. പ്രൊജക്റ്റിന് അംഗീകാരം ലഭിച്ച കഴിഞ്ഞാൽ KWA യുമായി തദ്ദേശ സ്ഥാപനം കരാറിലേർപ്പെട്ട ശേഷമേ മുൻകൂർ നൽകാവൂ. മേൽ പദ്ധതികളിൽ പ്രോജക്റ്റിന് സാങ്കേതികാനുമതി നൽകുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല..

2) പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിനിയോഗവിവരം ലഭിച്ചിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (7/16-17 /06-06-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 1868500 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## **3-5** <u>ഭവന നിർമ്മാണ പദ്ധതികൾ നടത്തിപ്പിലെ അപാകതകൾ</u>

സെക്രട്ടറിനിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷങ്ങളിൽ ധാരാളം ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

സ.ഉ.(എം.എസ്) 4/2016/ത.സ്വ.ഭ.വ/11-01-2016 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ (ഖ-11-VII ) ഒരു നിബന്ധന പ്രകാരം പ്രത്യേകം അനുവദിച്ചിട്ടില്ല എങ്കിൽ 66 ച.മീ ൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാൻ പാടില്ല. അങ്ങനെ നിർമ്മിക്കുന്നവർക്ക് ധന സഹായം അനുവദിക്കരുത്. പഞ്ചായത്ത് നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതികളിലൊന്നിലും അപേക്ഷയോടൊപ്പം ഗുണഭോക്താക്കൾ നിർമ്മിക്കുന്ന വീടിന്റെ പ്ലാൻ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ നിബന്ധന പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) വിവിധ ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്ന് എന്ത് മാനദണ്ഡ പ്രകാരമാണ് മുൻഗണനന നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

3) പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കൾക്ക് ധനസഹായം ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് നൽകിയിട്ടുള്ളത്. തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു എന്നതിന് ബാങ്ക് / ട്രഷറിയുടെ സാക്ഷ്യപത്രമോ, ഗുണഭോക്താവിന്റെ പാസ് ബുക്കിന്റെ പകർപ്പോ ലഭിച്ചിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 (1) നാലാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ചുമതലകൾ നടപ്പിലാക്കാനുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയാണവ. ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഈ മേഖലയിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല,

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 ഭവന വായ്പയ്ക്ക് പലിശ അടയ്ക്കൽ പദ്ധതി സർക്കാർ അനുമതി ലഭ്യമാക്കിയില്ല.

പ്രോജക്ട് പേര്, നം - കാരശ്ശേരി ബാങ്കിലേക്ക് അടക്കേണ്ട പലിശ, 07/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് തുക - 2,50,000/- (ബിൽ നം.30/16-17, 16.03.2017)

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ഐ.എ.വൈ.ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകുന്നതിനു വേണ്ടി കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. 85,82,630/- രൂപ കാരശ്ശേരി ബാങ്കിന്റെ താമരശ്ശേരി സബ് സെന്ററിൽ നിന്നും 15% പലിശ നിരക്കിൽ 10 വർഷത്തെ കാലാവധിക്കായി അനുവദിച്ചു. വായ്പ തുകയും 11.25% പലിശയും സർക്കാർ നൽകുന്നതും, 3.75% പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തിരിച്ചടയ്ക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. 24.05.2013 ലെ (കൈ)193/13/ത.സ്വ.ഭ.വ, 13.06.2013 ലെ(കൈ)220/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവുകളിലൂടെ എല്ലാ ഐ.എ.വൈ. ഗുണഭോക്താക്കൾക്കും അധിക വിഹിതം നൽകുന്നതിനായി ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും 11.25% പലിശ

നിരക്കിൽ വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. സർക്കാർ നിശ്ചയിച്ച പലിശ നിരക്കിൽ അധികമായി വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധി ലംഘിച്ച് ഉയർന്ന പലിശ നിരക്കിൽ വായ്പ എടുക്കുവാനുണ്ടായ സാഹചര്യം വ്യക്താമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഉയർന്ന നിരക്കിൽ വായ്പയെടുത്ത് പലിശ അടവാക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (3/16-17/06-06-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 250000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 സാധനങ്ങൾ സമാഹരിക്കൽ മാർഗ്ഗരേഖ പാലിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഓഫീസുകളിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും വ്യത്യസ്തമായ രീതിയിലാണ് സാധനങ്ങൾ സമാഹരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഇത് തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങൾ സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.പ്രോക്വർമെന്റ് കമ്മറ്റിയിൽ അംഗങ്ങളായ എല്ലാ പ്രൊക്വർമെന്റ് ഓഫീസർമാരുടെയും (ഇംപ്ലിമെന്റിങ്ങ് ഓഫീസർ) ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് കൺസോളിഡേറ്റ് ചെയ്ത് ആന്വൽ പ്രൊക്വർമെന്റ് പ്ലാൻ തയ്യാറാക്കണം. ഇത് പ്രൊക്വർമെന്റ് കമ്മറ്റിയിൽ വെച്ച് ഫൈനലൈസ് ചെയ്ത് ഭരണ സമിതിയിൽ വെച്ച് അംഗീകരിക്കണം. പ്രൊക്വർമെന്റ് കമ്മറ്റി നിശ്ചയിച്ച പ്രകാരം കേന്ദ്രീകൃതരീതിയിൽ ഒരുമിച്ചാണ് സാധനങ്ങൾ വാങ്ങേണ്ടത്.പെറ്റി പർച്ചേസ് വരെ ഈരീതിയിലാണ് നടത്തേണ്ടത്. ഇവിടെ നിർവ്വഹണ ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ വിവിധ രീതികളിലാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് തുക | ബിൽനമ്പർ,തിയ്യതി | റിമാർക്ക്സ് |
|---|---|---|---|
| എസ്.ഒ.67/17 ഐ.സി.ഡി എസ് ഓഫീസിലെ ദൈനം ദിന ചെലവുകൾ | 85000 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 1/2016-17/ 16-01-2017 (47000) 3/16-17/ 29-03-17 (38000) | ഇതിൽ 47000 രൂപയ്ക്ക് കമ്പ്യൂട്ടറുംയു.പി.എസും 8900 രൂപയ്ക്ക് പ്രിന്റർ എന്നീ ആവശ്യങ്ങൾക്ക് സി.ഡി.പി.ഒ ക്വട്ടേഷൽ നടപടികളിലൂടെയാണ് പദ്ധതി നടപ്പിലാക്കിയത് |
| എസ്.ഒ.81/17 ക്ഷീരവികസന ഓഫീസ് സൗകര്യം വർദ്ധിപ്പിക്കലും ദൈനം ദിന ചെലവുകളും | 123612 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 3/2016-17/ 31-03-17 | ലാപ് ടോപ്പ്, പ്രിന്റർ , യു.പി.എസ്.മേശ, കസേര എന്നീ ആവശ്യങ്ങൾക്ക് ക്വട്ടേഷൻ നടപടികളില്ലൂടെയാണ് ക്ഷീര വികസന ഓഫീസർ പദ്ധതി നടപ്പിലാക്കിയത് |
| എസ്.ഒ.56/17 എന്റർപ്രണേഴ്സ് ഗൈഡൻസ്സ് സെൽഎസ്.ഒ.59/17 വ്യവസായ ഓഫീസിലേയ്ക്ക്ഫർണിച്ചർ | 64550 52277 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 1/2016-17/ 29-03-17 2/2016-17/ 29-03-17 | കമ്പ്യൂട്ടർ, പ്രിന്റർ , യു.പി.എസ്.മേശ, കസേര എന്നീ ആവശ്യങ്ങൾക്ക് കെൽട്രോൺ, സിഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങിയാണ് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നടപ്പിലാക്കിയത് |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 രജിസ്റ്റർ ചെയ്തു കിട്ടാത്ത ഭൂമിയിൽ കിണർ നിർമ്മിച്ചു.

(1) പ്രോജക്റ്റ് -മാട്ടുങ്ങൽ വട്ടോളിച്ചാൽ കുടിവെള്ള പദ്ധതി 11/17
അടങ്കൽ -വികസന ഫണ്ട്
എഗ്രിമെന്റ് -64/15-16/ 3.3.16 കരാറുകാരൻ കെ.കെ.റഹ്മത്തുള്ള
സാങ്കേതികാനുമതി -AEE/LSGD/KDY/63/15-16 16.12.15
ചെലവ് -23480/- 17/16-17/ 18.3.17
(2)പ്രോജക്റ്റ് -നങ്ങാച്ചിക്കുന്ന് കുടിവെള്ള പദ്ധതി 16/17
അടങ്കൽ -വികസന ഫണ്ട് 500000
എഗ്രിമെന്റ് -70/15-16/ 8.3.16 കരാറുകാരൻ കെ.പി അഹമ്മദ് കുട്ടി
സാങ്കേതികാനുമതി -AEE/LSGD/KDY/52/15-16 10.12.15
ചെലവ് -476593/- 17/16-17/ 18.3.17(ബിൽ 16-17ൽ ട്രഷറി ഒബ്ജക്ഷനായി)
(2) പ്രോജക്റ്റ് – പാറച്ചാലിൽ കുടിവെള്ള പദ്ധതി 34/17
അടങ്കൽ – 500000വികസന ഫണ്ട്
എഗ്രിമെന്റ് – 64/15-16/ 3.3.16 കരാറുകാരൻ സാദിക്ക് അലി.വി
സാങ്കേതികാനുമതി – AEE/LSGD/KDY/ /15-16 16.12.15
ചെലവ് – 429176/- 31/16-17 30.3.17

മേൽ കുടിവെള്ള പദ്ധതികൾക്കായി വിവിധ സ്ഥലങ്ങളിൽ കിണർ ടാങ്ക് പമ്പ് ഹൗസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. മേൽ പദ്ധതികൾക്കായി സ്ഥലം സൗജന്യമായി വിട്ടു നല്കിയവർ ആയത് രജിസ്റ്റർ ചെയ്തു നല്കിയതിന് രേഖകളൊന്നും ഫയലിനോടൊപ്പമില്ല. ഫയലിനോടൊപ്പമുള്ള റിലിങ്ക്വിഷ്മെന്റ് ഫോറം ഭൂമി വിട്ടു നല്കുന്നതിനുള്ള അപേക്ഷാ ഫോറം മാത്രമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു ലഭിക്കുമ്പോൾ മാത്രമാണ് ഉടമസ്ഥാവകാശം ലഭ്യമാകുന്നത്.

സ്വന്തമല്ലാത്ത ഭൂമിയിൽ ലക്ഷക്കണക്കിന് രൂപ ചെലവിട്ട് ആസ്തി നിർമ്മിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. 929249/- (23480+ 476593+ 429176) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-10 ഭരണ സമിതി തീരുമാന പ്രകാരം നടപടി എടുത്തതിന് രേഖകളില്ല

5.1.2017 ലെ 47(1) 16-17 നം. ഭരണ സമിതി തീരുമാന പ്രകാരം അദായി.കെ.വി എന്ന കരാറുകാരനെതിരെ നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ കരാറുകാരൻ രണ്ട് പ്രവൃത്തികൾക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശേഷം കരാർ വയ്ക്കാൻ തയ്യാറായില്ല. പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം നിരതദ്രവ്യം കണ്ടുകെട്ടി ടെണ്ടർ നിബന്ധനകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള നടപടി സ്വീകരിക്കാൻ മേൽ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഏതു പ്രവൃത്തികൾക്കാണ് ഇപ്രകാരം കരാർ വയ്ക്കാൻ കരാറുകാരൻ വിസമ്മതിച്ചതെന്നോ ഇ.എം.ഡി എത്ര തുകയായിരുന്നു എന്നോ ഉള്ള വിവരം ലഭ്യമല്ല. പ്രവൃത്തികളുടെ വിവരവും, പിടിച്ചെടുത്ത ഇ.എം.ഡി അടവുവിവരവും അറിയിക്കേണ്ടതാണ്. ഭരണ സമിതി മിനുട്സ് അവ്യക്തമായി കൈകാര്യം ചെയ്യുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 മേഖലാ ചുമതലകളിൽപ്പെടാത്ത ഇനങ്ങളിൽ ചെലവ് നിയമവും സർക്കാർ ഉത്തരവും മറികടന്ന് പദ്ധതികൾ നടപ്പാക്കി

ബ്ലോക്ക് പഞ്ചായത്തിന് പഞ്ചായത്ത് രാജ് നിയമങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള ചുമതലകളിൽ നിന്നും വ്യതിചലിച്ച് മറ്റു സ്ഥാപനങ്ങൾക്ക് നീക്കിവച്ച ചുമതലകളിൽ പ്രവൃത്തി നടത്തുന്നു. വിശദ വിവരം താഴെ പറയുന്നു.

1. പ്രോജക്ട് – 107/17 കവുങ്ങുള്ള കുന്ന് കോളനി സമഗ്ര വികസനം.
   അടങ്കൽ – 516000, വികസനഫണ്ട് എസ് സി പി
   നിർവ്വഹണം – അസി.എക്സി.എഞ്ചിനീയർ
   ചെലവ് – 505285/- 38/16-17 30.3.17
   അംഗീകാരം – EE/KDY/107/16-17 31.8.16 മുഹമ്മദ് അഷ്‌റഫ് എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
2. പ്രോജക്ട് – 30/17 കരുവാറ എസ് സി കോളനി റോഡ് നവീകരണം.
   അടങ്കൽ – 1967073, വികസനഫണ്ട് എസ് സി പി
   നിർവ്വഹണം – അസി.എക്സി.എഞ്ചിനീയർ
   ചെലവ് – 1967073/- 2/16-17 31.10.16
   അംഗീകാരം – EE/KY/154/15-16 12.5.15 വി.ഡി ജലജാമണി, എക്സിക്യൂട്ടീവ് എഞ്ചിനീയർ
3. പ്രോജക്ട് – 31/17 പുളിക്കോത്ത് അംഗനവാടിക്ക് മുകളിൽ സാംസ്കാരിക നിലയം.
   അടങ്കൽ – 592680 വികസനഫണ്ട്
   നിർവ്വഹണം – അസി.എക്സി.എഞ്ചിനീയർ
   ചെലവ് – 586641/- 16/16-17 18.3.17
   അംഗീകാരം – EE/KY/157/15-16 12.5.15 വി.ഡി ജലജാമണി, എക്സിക്യൂട്ടീവ് എഞ്ചിനീയർ

മേൽപ്പറഞ്ഞ പ്രോജക്ടുകളിൽ ക്രമനം 1 പ്രകാരമുള്ള പ്രോജക്ടിൽ കോളനികളിലെ ഓരോ വീടുകൾക്കും ചുറ്റു മതിൽ നിർമ്മിക്കുന്ന പ്രവൃത്തിയാണ് നടത്തിയത്. രണ്ടാം പ്രവൃത്തിയുടെ പേര് റോഡ് നിർമ്മാണമെന്നാണെങ്കിലും കോളനിയിലെ കീരൻ, കുട്ടിമാളു, ചന്ദ്രൻ, ശങ്കരൻ, വേലായുധൻ, ചാത്തുക്കുട്ടി എന്നിവരുടെ വീടുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായാണ് 1921655.56 രൂപ ചെലവഴിച്ചത്. ക്രമനം 3 പ്രകാരമുള്ള പ്രോജക്ടിൽ മടവൂർ ഗ്രാമപഞ്ചായത്തിലെ പുള്ളിക്കോത്ത് അംഗന വാടിക്കു മുകളിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയത്. കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 ഉപവകുപ്പ് (1)ലെ നാലാം പട്ടികയിലാണ് ബ്ലോക്ക്പഞ്ചായത്തുകളുടെ മേഖലാചുമതലകൾ വിശദീകരിച്ചിട്ടുള്ളത്. ആയതിലൊന്നും തന്നെ മേൽപ്പറഞ്ഞ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നവയായി പറഞ്ഞിട്ടില്ല. എന്നാൽ നിയമത്തിന്റെ 166 വകുപ്പ് പട്ടിക 3 (സി) xv, xvi എന്നിവ പ്രകാരം പട്ടിക ജാതി, പട്ടിക വർഗ്ഗവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കലും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള പ്രവൃത്തികളാണ്.

കൂടാതെ മേൽ പദ്ധതികളുടെ അംഗീകാര സമയത്ത് പദ്ധതികളുടെ രൂപീകരണത്തിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലും സ.ഉ (എം.എസ്) 362/13 തി.16.11.13ഖ. 11.13 iv എ പ്രകാരം പ്രോജക്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങൾക്കായിരിക്കേണ്ടതും പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ളതായിരിക്കുകയും ചെയ്യണം. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ് എന്നു പറയുന്നുണ്ട്.

മേൽ നിയമത്തിനും ഉത്തരവിനും വിരുദ്ധമായി പദ്ധതി രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. 3058999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ചുമതലയിൽ ഇല്ലാത്ത സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പദ്ധതി നടപ്പിലാക്കി

പദ്ധതി - സാക്ഷരത തുടർ വിദ്യാഭ്യാസം, 02/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് തുക - 116093/- ബിൽ. നം.72/16-17, 31.3.2017 (വികസന ഫണ്ട്- )

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിക്കായി വകയിരുത്തിയ തുകയിൽ താഴെ പറയുന്ന ഇനങ്ങൾക്ക് ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം |
|---|---|
| 1 | ഇൻസ്ട്രക്ടർമാർക്ക് പരിശീലനം |
| 2 | പരീക്ഷാ പരിശീലനം |
| 3 | ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം |
| 4 | പ്രേരക്മാരുടെ യാത്രാബത്ത |
| 5 | തുല്യ്യ പഠിതാക്കളുടെ സംഗമം |
| 6 | സ്റ്റേഷനറി |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ കൊടുക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്, 166 (1), സി, (x) പ്രകാരം സാക്ഷരത പരിപാടികൾ നടപ്പിലാക്കുക ഗ്രാമപഞ്ചായത്തിന്റെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. കേരളത്തിൽ പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, സംസ്ഥാന സാക്ഷരത മിഷൻ എന്നിവർ സംയുക്തമായി 21.10.2014 ലെ (സാധാ) 2735/2014 ത.സ്വ.ഭ.വ നം ഉത്തരവിലൂടെ അതുല്യം പദ്ധതിയും സർക്കാർ നടപ്പിലാക്കുന്നുണ്ട്. ആയതിനു സമാന്തരമായിട്ടാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനത്തിന് പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചത്. സ.ഉ.(എം.എസ്) 4/2016 /ത.സ്വ.ഭ.വ/11-01-2016 നമ്പർ ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ, ഖണ്ഡിക നമ്പർ -4 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ

ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമം പ്രകാരം അനുവദനീയമായ മേഖലയിൽ നിന്നും വ്യതിചലിച്ച് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (1/16-17/06-06-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 116093 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത്

2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളു ടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

| പ്രൊജക്റ്റ്, നിർവ്വഹണ ഉദ്യോഗസ്ഥ | ചെലവ് തുക | ബിൽ/ഡി.ഡി./ നമ്പർ,തിയ്യതി | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|
| എസ്.ഒ.61/17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 1000000 (വികസന ഫണ്ട്- ജനറൽ) | 1/2016-17/ 25-03-2017 (78375) 2/16-17/ 27-03-17 (921625) | കിഴക്കോത്ത്- 221725 കോടഞ്ചേരി- 100000 താമരശ്ശേരി- 300000 കൂടരഞ്ഞി- 99900 കട്ടിപ്പാറ- 200000 മടവൂർ- 78375 |
| എസ്.ഒ.57/17 ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5679120 (വികസന ഫണ്ട്- ജനറൽ) | 1/2016-17/ 24-03-2017 (4629120) 2/16-17/ 29-03-17 (1050000) | കോടഞ്ചേരി- 1934120 താമരശ്ശേരി- 150000 കൂടരഞ്ഞി- 615000 കട്ടിപ്പാറ- 200000 മടവൂർ- 305000 പുതുപ്പാടി- 1050000 ഓമശേരി- 500000 തിരുവമ്പാടി- 925000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (16/16-17 /06-06-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 6679120 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. ഡബ്ല്യൂ.എ | മടവൂർ മുക്ക് വടക്കേ കുന്നത്ത് പൈപ്പ് ലൈൻ നീട്ടൽ | ഓൺലൈൻ | 5,00,000 | യു സി ലഭിച്ചിട്ടില്ല | |
| കെ. ഡബ്ല്യൂ.എ | കൊട്ടാക്കാവയൽ നായിക്കുണ്ടത്തിൽ പുല്ലന്നിച്ചാൽ കുടിവെള്ള പദ്ധതി | ഓൺലൈൻ | 5,00,000 | യു സി ലഭിച്ചിട്ടില്ല | |
| കെ. ഡബ്ല്യൂ.എ | വടക്കേ തൊട്ടുകയിൽ തെക്കേക്കണ്ടി നേരിയച്ചാൽ പൈപ്പ് ലൈൻ നീട്ടൽ | ഓൺലൈൻ | 5,00,000 | യു സി ലഭിച്ചിട്ടില്ല | |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | ഓൺലൈൻ | 5,41,552 | യു സി ലഭിച്ചിട്ടില്ല | |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗ് | താമരശ്ശേരി താലൂക്ക് ആസ്പത്രി വയറിംഗ് | ഓൺലൈൻ | 3,68,500 | യു സി ലഭിച്ചിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഇ എം എസ് ഭവന പദ്ധതിയിൽ 18,94,472 രൂപയും, ഐ. എ. വൈ ഭവന പദ്ധതിയിൽ 29,74,734 രൂപയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | തൻ വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | വായ്പ തുക | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ എം എസ് ഭവന പദ്ധതി | ജി ഒ ( ആർ ടി) നം.1102/10/എൽ എസ് ജി ഡി /21.3.2010 | ഇല്ല | 20,47,778 | 5,00,000 | -- | 15,47,778 |
| ഐ എ വൈ ഭവന പദ്ധതി | സ.ഉ (എം എസ്) നം. 90/13 തസ്വഭവ 14.03.2013 | ഇല്ല | 29,74,734 | ഇല്ല | 2,50,000 | 29,74,734 |

ഓഡിറ്റ് വർഷത്തിൽ ഇ.എം.എസ്.ഭവന പദ്ധതിക്കായും, ഐ.എ.വൈ. ഭവന പദ്ധതിക്കായും വിവിധ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പ തുകയുടെ അടവും, പലിശയും പദ്ധതി വിഹിതമുപയോഗിച്ച് അടവാക്കിയിട്ടുണ്ട്. എന്നാൽ മേൽ വിവരങ്ങൾ പ്രത്യേകമായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഫയലായി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഓഡിറ്റ് വേളയിൽ സെക്രട്ടറി സമർപ്പിച്ച സാക്ഷ്യപത്രത്തിൽ ബ്ലോക്ക്പഞ്ചായത്തിന് വായ്പ അടവ് ഇല്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഐ.എ.വൈ ഭവന പദ്ധതിക്ക് എടുത്ത ലോൺ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-18 | 2005-06 | 67(1) | നബാർഡ് റോഡ് - ഉത്തരവിന് വിരുദ്ധമായി മുൻകൂർ നൽകി |
| 2003-04 | 3-21 | 2005-06 | 67(2) | എസ്.ജി.ആർ.വൈ റോഡ്-അധിക ഭക്ഷ്യധാന്യം |

| | | | | |
|---|---|---|---|---|
| 2003-04 | 3-25 | 2005-06 | 67(3) | ഗ്രാമസഭ മറികടന്ന് വ്യക്തിഗത ആനുകൂല്യം |
| 2003-04 | 3-11 | 2005-06 | 67(4) | പരമ്പരാഗത വ്യവസായ പ്രോൽസാഹന പദ്ധതി ലക്ഷ്യം കണ്ടില്ല. |
| 2003-04 | 3-30 | 2005-06 | 67(5) | ചുമതലയിൽപ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം |
| 2003-04 | 3-06 | 2005-06 | 70(3)(4) | പരിശീലനം ലഭിച്ച ആളുകളുടെ എണ്ണം വ്യക്തമല്ല |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കിയതിന് രേഖയില്ല.<br>മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം -അപാകത |
| 2003-04 | 3-28 | 2005-06 | 70(3)(4) | പരിശീലനം നൽകിയ സ്ഥാപനത്തിന് അഡ്വാൻസ് നൽകി-<br>പരിശീലനം നേടിയവർ ലൈസൻസ് എടുത്തില്ല. |
| 2003-04 | 3-35 | 2005-06 | 70(3)(4)9 | എസ്.ജി.ആർ.വൈ -അപാകത |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,39,11,616 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16,38,65,525 |
| വരവിനങ്ങളിലുള്ള നഷ്ടം | 17,100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,15,951 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,31,10,573 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 17100 | | ശ്രീ. ഹരിദാസൻ നായർ, സെക്രട്ടറി |
| 3-1 | | 21971 | ശ്രീ. സാന്റോഷ് കുമാർ .എ , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 93980 | ശ്രീ .സാന്റോഷ് കുമാർ .എ , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 208612 | 123682 – ശ്രീ. രമേശൻ .എൻ , ക്ഷീര വികസന ഓഫീസർ<br>85000 – ശ്രീമതി. സുബൈദ . സി.ഡി.പി.ഒ |
| 3-4 | 1868500 | ശ്രീ. ഹരിദാസൻ നായർ, സെക്രട്ടറി |
| 3-7 | 250000 | ശ്രീ. ഹരിദാസൻ നായർ, സെക്രട്ടറി |
| 3-9 | 929249 | ശ്രീ. സാന്റോഷ് കുമാർ .എ , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-11 | 3058999 | ശ്രീ. സാന്റോഷ് കുമാർ .എ , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-12 | 116093 | ശ്രീ. ഹരിദാസൻ നായർ, സെക്രട്ടറി |
| 3-13 | 6679120 | 5679120 – ശ്രീ. രമേശൻ .എൻ , ക്ഷീര വികസന ഓഫീസർ<br>1000000 – ശ്രീമതി. സുബൈദ . സി.ഡി.പി.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സാന്റോഷ് കുമാർ .എ , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | ആലയം, കോട്ടൂളി, കുതിരവട്ടം 673016 |
| ശ്രീ. ഹരിദാസൻ നായർ, സെക്രട്ടറി | സെക്രട്ടറി , നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | അമ്പലക്കുന്നേൽ, പാറക്കപ്പാടം, പൂക്കോട്ടുപാടം മലപ്പുറം, 679332 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97, 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(1)/14.12.12 | 06 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.എസ്.2-260/1/08.05.01 | 22 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.എസ്.1-308/03/07.02.04 | 18 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(2)/14.12.12 | 13 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(3)/14.12.12 | 13 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3-1545/09/22.05.10 | 18 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1)/19.06.13 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1)/19.06.13 | 11 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.7-1657/09(5)/14.06.13 | 11 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(4)/14.12.12 | 14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7-1814/09/16.02.12 | 14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7-489/13/01.06.13 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.7-488/13/29.05.13 | 13 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.7-806/13/20.08.13 | 13 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.7-768/15/20.07.15 | 14 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.7-1792/16/26.10.2016 | 32 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി.7-441/17/29.03.2017 | 43 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി 7/ 1940/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-21.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുവള്ളി ബ്ലോക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 7/ 1940/2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 21.10.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Koduvally Block Panchayat for the year ended on 31-3-2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Koduvally Block Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

District Audit Office, Kozhikode.